## മാള ട്രാൻസ്പോർട്ട് ഡിപ്പോ

**118 (809)** ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് എത്ര ബസ് സർവ്വീസ് നടത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർവ്വീസുകൾ പുതിയതായി ആരംഭിച്ചു ;

(സി) ഏതെല്ലാം റൂട്ടുകളിലാണ് പുതിയതായി സർവ്വീസ് തുടങ്ങിയത് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) മാള ബസ് സ്റ്റേഷനിൽ 1-6-1996-ലെ കണക്കനുസരിച്ച് 28 സർവ്വീസുകളാണ് അനുവദിച്ചിരുന്നത്.

(ബി) 7 എണ്ണം.

(സി) 1. മാള-ആലുവ (വഴി) പൂപ്പതി-കനകൻകടവ് -ചെങ്ങുമനാട്.
2. മാള- കൃഷ്ണൻകോട്ട - ആലുവ.
3. മാള - ആലുവ (വഴി) പുത്തൻവേലിക്കര.
4. മാള - ആലുവ (വഴി) പുത്തൻവേലിക്കര - കുണ്ടൂർ.
5. മാള - തുരുത്തിപ്പുറം - തിരുവനന്തപുരം.
6. ആലുവ - നെയ്തൻകുടി.
7. മാള - തൃശൂർ (വഴി) ചക്കാംപറമ്പ്.

## പ്രൈവറ്റ് ബസുകളുടെ സമയകൃത്യത

**119 (815)** ശ്രീ. വർഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സർവീസ് നടത്തുന്ന പ്രൈവറ്റ് ബസുകളിൽ ചിലത് സ്ഥിരമായി സമയം തെറ്റിച്ചാണ് ഓടുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുമോ ;

(ബി) വയനാട് ജില്ലയിൽ പെർമിറ്റുള്ള ടൈം ഷെഡ്യൂൾ പ്രദർശിപ്പിക്കാത്ത എല്ലാ പ്രൈവറ്റ് ബസുകൾക്കെതിരേയും കർശന നടപടി കൈക്കൊള്ളുമോ ;

(സി) കെ. എസ്. ആർ. ടി. സി. സർവ്വീസിനെ നഷ്ടത്തിലാക്കുന്ന വിധത്തിൽ പ്രൈവറ്റ് ബസുകൾ സമയം തെറ്റിച്ച് ഓടുന്നതിനെതിരെ കെ. എസ്. ആർ. ടി. സി. ജില്ലാ അധികാരി പോലീസിൽ പരാതി നൽകാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ നൽകിയിട്ടുള്ള പരാതിയിൻമേൽ പോലീസ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ; ഇല്ലെങ്കിൽ പരാതിപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) സുൽത്താൻ ബത്തേരി താലൂക്കിലെ നമ്പ്യാർ കുന്നിൽ ഹാൾട്ടിംഗ് പെർമിറ്റുള്ള പ്രൈവറ്റ് ബസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കെ. എസ്. ആർ. ടി. സി. യുടെ രാത്രിയിലെ അവസാന സർവ്വീസ് നഷ്ടത്തിലാക്കുന്ന വിധത്തിൽ സുൽത്താൻ ബത്തേരി-നമ്പ്യാർ കുന്ന് റൂട്ടിൽ ഹാൾട്ടിംഗ് പെർമിറ്റില്ലാത്ത പ്രൈവറ്റ് ബസ്സുകൾ അനധികൃതമായി സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ചു നടപടി കൈക്കൊള്ളുമോ ;

(എഫ്) കെ. എസ്. ആർ. ടി. സി. ക്ക് അനുവദിച്ച സമയത്തിനൊപ്പം പ്രൈവറ്റ് ബസുകൾക്ക് റ്റൈം ഷെഡ്യൂൾ അനുവദിക്കുന്നതിനെതിരെ കെ. എസ്. ആർ. ടി. സി. യുടെ പ്രതിനിധി ആർ. ടി. ഒ. മീറ്റിംഗിൽ തടസ്സവാദം ഉന്നയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജി) വയനാട് ജില്ലയിലെ കെ. എസ്. ആർ. ടി. സി സർവ്വീസുകൾ നഷ്ടത്തിലാക്കുന്ന വിധത്തിൽ പ്രൈവറ്റ് ബസുകൾക്ക് പെർമിറ്റ് പുതുതായി നൽകിയതും സമയം അനുവദിച്ചതും പരിശോധിച്ച് അവ ക്യാൻസൽ ചെയ്യാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ചില റൂട്ടുകളിൽ സ്വകാര്യബസുകൾ സമയം തെറ്റി ഓടുന്നതിനെതിരെ കെ. എസ്. ആർ. ടി. സി. ബത്തേരി യൂണിറ്റിലെ അധികാരികൾ മോട്ടോർ വാഹന - പോലീസ് വകുപ്പുകൾക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത വകുപ്പുകളെടുത്ത നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി) കെ. എൽ. 12/എ-6699, കെ. എൽ. 12/6699, കെ. എൽ. 8/കെ.-8242, കെ. ആർ. എം. 1688, കെ. എൽ. എ. 6507, കെ. എൽ. 12/5533, കെ. എൽ. ഡബ്ല്യു 2486, കെ. ആർ. ഡി. 9189.

(ഇ) ഇല്ല. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, വയനാടിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ആർ. ടി. എ. യോഗങ്ങളിൽ, കെ. എസ്. ആർ. ടി. സി. യുടെ സർവ്വീസ് നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ, ബോർഡിന്റെ പ്രതിനിധി ഉന്നയിക്കാറുണ്ട്. അതുകൂടി കണക്കിലെടുത്താണ് ടൈമിംഗ് നടത്തുന്നത്.

(ജി) പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly